# ശ്രേഷ്ഠമലയാളം

## ദേശപ്പെരുമയുടെ എഴുത്തിടങ്ങൾ

ഡോ. സ്മിത സി
പ്രൊഫ. വി ലിസി മാത്യു

ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല

## ഉള്ളടക്കം


1. ദേശീയസ്വാതന്ത്ര്യസമരവും കേരളത്തിലെ
സ്ത്രീപ്രാതിനിധ്യവും
*ഡോ. ശ്രീകുമാരി.എ.എ* 9

2. കേരളീയ നവോത്ഥാനത്തിന്റെ തദ്ദേശീയധാര:
പുന്നശ്ശേരി നമ്പി, ശ്രീനാരായണഗുരു, ചാവറയച്ചൻ
എന്നിവരുടെ ഇടപെടലുകൾ
*ഫാ.ജോബി ജേക്കബ്* 32

3. തലശ്ശേരിരേഖയും ദേശസ്വത്വനിർമ്മിതിയും
*ഡോ.പി.സുജാത* 43

4 കൃഷ്ണഗാഥയിലെ നാടോടിമുദ്രകൾ
*ഡോ.ദീപമോൾ മാത്യു* 52

5 വെട്ടത്തുനാടിന്റെ സാംസ്കാരികഭൂമിക
*രജനി സുബോധ്* 67

6. നാടോടിഗാനപാരമ്പര്യവും ജനപ്രിയസംസ്കാരവും
*ജൈനിമോൾ.കെ.വി* 76

7. മേഘസന്ദേശത്തിലെ പാരിസ്ഥിതിക ചിന്തകൾ
*ഡോ.കെ.ടി.ശ്രീലത* 81

8. സാമൂഹികനവോത്ഥാനവും മലബാറിലെ സാമൂഹികമാറ്റവും
*ഡോ. എം. മാധവൻ* 88

9. ഖസാക്കിന്റെ ഇതിഹാസത്തിലെ സ്വാതന്ത്ര്യസങ്കല്പം
*ഷാനരാജ്.കെ.കെ* 100

10. ചെറുശ്ശേരി റദ്ദായിപ്പോയ അപരങ്ങളും കാവ്യഭാഷയും
*ഡോ.സ്വപ്ന ആന്റണി* 105

11. എഴുത്തച്ഛന്റെ പൈതൃകാന്വേഷണം:
സാഹിത്യചരിത്രനിർമിതികളെ മുൻനിർത്തിയുള്ള പഠനം
*പ്രജിൽ.കെ.വി* 111

# നാടോടിഗാന പാരമ്പര്യവും ജനപ്രിയ സംസ്കാരവും

ജൈനിമോൾ.കെ.വി.

ഏതൊരു സാഹിത്യത്തിന്റേയും ആദിരൂപമാണ് ഗാനങ്ങൾ. മനുഷ്യജീവിതാനുഭൂതികൾ ഉൾക്കൊള്ളുന്നു എന്നതാണ് നാടോടിഗാനങ്ങളുടെ സാമൂഹ്യപ്രസക്തി. നാടൻ പാട്ടുകളും നാടോടിഗാനങ്ങളുമാണ് ജനപ്രിയ സാഹിത്യത്തിൽ ഏറ്റവും കൂടുതൽ ശ്രദ്ധനേടിയിട്ടുള്ളത്. ജനതയുടെ അഭിരുചി, വിശ്വാസങ്ങൾ, അനുഷ്ഠാനക്രമം, ആചാരമര്യാദകൾ എന്നിങ്ങനെ ജനജീവിതത്തിന്റെ സമസ്തകാലങ്ങളും അവ ഉൾക്കൊള്ളുന്നു. അതുകൊണ്ടുതന്നെ വാമൊഴിയായി പ്രചരിച്ച നാടോടിഗാനങ്ങൾ ഒരു സമൂഹത്തിന്റെ എഴുതപ്പെടാത്ത ചരിത്ര രേഖകൂടിയായി മാറുന്നു. സാമാന്യജനങ്ങൾ ആചരിക്കുകയും ആഘോഷിക്കുകയും ചെയ്യുന്ന സംസ്കാരത്തെയാണ് റെയ്മണ്ട് വില്ല്യംസ് ജനപ്രിയമെന്ന് വിളിച്ചത്. അതത് സമൂഹത്തിന്റെ അഭിരുചിയുമായി ബന്ധപ്പെട്ടാണ് ജനപ്രിയമായ ഒരു സംസ്കാരം രൂപം കൊള്ളുന്നത്. സവിശേഷമായ സാമൂഹികമൂല്യങ്ങളും വിശ്വാസങ്ങളും പങ്കുവയ്ക്കുന്ന ജനവിഭാഗമാണ് ജനപ്രിയവ്യവഹാരത്തിലെ സാമാന്യജനം. കേരളീയമായ എല്ലാ കലകളുടേയും സാഹിത്യത്തിന്റേയും അസ്ഥിവാരം എന്തെന്ന അന്വേഷണം നാടോടി ഗാന പാരമ്പര്യത്തിലാണ് എത്തിനിൽക്കുക.

പ്രതിപാദ്യത്തിലും പ്രതിപാദനത്തിലും പുലർത്തുന്ന ലാളിത്യമാണ് നാടൻപാട്ടുകളുടെ മുഖ്യസവിശേഷതകളിലൊന്ന്. 'ലാളിത്യമെന്നതാണ് 'ജനപ്രിയ'ത്തിന്റെ മുഖ്യപ്രഖ്യാപനം. എല്ലാറ്റിനേയും മാന്ത്രികവേലയിലെന്നവണ്ണം ലളിതമാക്കുന്നതിലൂടെ ജീവിതത്തിന്റെ കാണാക്കോണുകളിലെ വേവലാതികളെയും സാധ്യതകളെയും അന്ത്യകൂദാശയ്ക്ക് പ്ര